## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1587** **5.12.2014-ൽ മറുപടിക്ക്**

### നഗരങ്ങളിൽ പൊതുടോയ്‌ലറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ.എ നെല്ലിക്കുന്ന്<br>ശ്രീ. സി മമ്മൂട്ടി<br>ശ്രീ. പി ഉബൈദുള്ള<br>ശ്രീ. എൻ ഷംസുദ്ദീൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നഗരങ്ങളിൽ പൊതുടോയ്‌ലറ്റുകളുടെ അഭാവവും, ഉളളവയുടെ വൃത്തിഹീനതയും പൊതുജനങ്ങൾ ക്കുണ്ടാക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്ത് നഗരസഭകൾ സ്ഥാപിച്ചിട്ടുളള പൊതുശൗച്യാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, കൃത്യമായി മെയിന്റനൻസ് നടത്തുന്നതിനും, കൂടുതൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും നഗരസഭകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. |
| (സി) | പൊതുടോയ്‌ലറ്റുകളുടെ നടത്തിപ്പ് ലേലം ചെയ്തു നൽകുന്നതു മൂലം ടോയ്‌ലറ്റ് പരിസരത്തു രൂപപ്പെടുന്ന അനാശാസ്യനടപടികളും, വൃത്തിഹീനതയും, അമിതനിരക്ക് ഈടാക്കലും ഒഴിവാക്കാൻ കുടുംബശ്രീ പോലുളള ഏജൻസികളെ ഇവയുടെ നടത്തിപ്പ് ഏൽപ്പിക്കുന്നതിനും കൂടുതൽ പൊതുടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുമുളള സമഗ്രപദ്ധതി തയ്യാറാക്കി നടപ്പാക്കുമോ ? | (സി) | ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ